മിൽമയും മദർ ഡയറി ഫുഡ്സും തമ്മിൽ ഉണ്ടാക്കിയ ജോയിന്റ് വെഞ്ചർ കമ്പനി

106 (1902) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ മാനേജ്മെന്റും മദർ ഡയറി ഫുഡ്സും തമ്മിൽ ഉണ്ടായ ജോയിന്റ് വെഞ്ചർ കമ്പനി നിലവിൽ വന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മിൽമയുടെ ഭാവിയേയും കേരളത്തിലെ ക്ഷീര കർഷകരുടെ താൽപ്പര്യങ്ങളേയും ബാധിക്കുന്ന ഇപ്രകാരം ഒരു സംരംഭം ആരംഭിക്കും മുമ്പ് ആവശ്യമായ പഠനങ്ങൾ നടത്താതിരുന്നത് എന്തുകൊണ്ടാണ് ; ബന്ധപ്പെട്ടവരുമായി വിപുലമായ ചർച്ചയ്ക്ക് ഗവൺമെന്റ് താല്പര്യമെടുത്തില്ലെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സംരംഭത്തിനെതിരെ ഡോക്ടർ. വി. കുര്യനടക്കമുള്ളവർ നടത്തിയ വിമർശനങ്ങൾ തള്ളിക്കളഞ്ഞത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സംയുക്ത സംരംഭത്തിൽ മിൽമയുടെ ഓഹരി പങ്കാളിത്തം 49% ആയതിന്റെയും മദർ ഡയറി ഫുഡ്സിന്റെ പങ്കാളിത്തം 51% ആയതിന്റെയും യുക്തി എന്താണ് ;

(ഇ) മിൽമ ജീവനക്കാരുടേയും ഓഫീസർമാരുടേയും സേവന-വേതന കരാർ പുതുക്കുന്നതിനുള്ള നടപടികൾ എവിടംവരെയായി എന്ന് വ്യക്തമാക്കാമോ ;

(എഫ്) ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് കരാർ പുതുക്കുന്നതിനുള്ള സമയ ബന്ധിത നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 17-3-2003-ൽ.

(ബി) ഈ സംരംഭം ആവശ്യമായ പഠനവും മേഖലാ യൂണിയനുകൾ, ഫെഡറേഷൻ, ദേശീയക്ഷീര വികസന ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ചർച്ച ചെയ്തതിനു ശേഷം മാത്രമാണ് തുടങ്ങിയിട്ടുള്ളത്. ഏതെങ്കിലും കാരണവശാൽ ഈ സംരംഭം പ്രയോജനപ്രദമല്ലായെന്നു ബോദ്ധ്യമാവുകയാണെങ്കിൽ ഇതിൽ നിന്നും പിൻമാറാൻ മിൽമയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യവുമുണ്ട്.

(സി) കർഷക താല്പര്യം മുൻനിർത്തിയാണ് ഈ സംരംഭത്തിന് അനുവാദം നൽകിയിട്ടുള്ളത്. ഈ സംരംഭത്തിൽ ദേശീയ ക്ഷീരവികസന ബോർഡിന്റെ നയമാണ് മിൽമ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ക്ഷീര മേഖല ആധുനികവൽക്കരിക്കുന്നതിനാവശ്യമായ സാങ്കേതിക ജ്ഞാനവും അനുഭവവും വിപണന സാമർത്ഥ്യവും ഉള്ള കമ്പനിയാണ്. മദർ ഡയറി ഫുഡ്സ് ലിമിറ്റഡ് ഈ സംരംഭം പ്രൊഫഷണൽ മാർക്കറ്റിംഗ് ലാക്കാക്കി സ്ഥാപിതമായതിനാൽ നിർണ്ണായക ഓഹരി മദർ ഡയറി ഫുഡ്സ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുകയുണ്ടായി. മിൽമയുടെ അപ്പെക്സ്, റീജിയണൽ യൂണിയനുകളുടെ ഭരണസമിതികളിൽ വിശദമായ ചർച്ചകൾ നടത്തി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 51% ഓഹരികൾ നൽകിയിട്ടുള്ളത്. മാത്രമല്ല, ശക്തവും തീവ്രവുമായ വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും മിൽമയ്ക്ക് അതിന്റേതായ പരിമിതികളുണ്ട്. ഓപ്പറേഷൻ പ്ലാൻ പദ്ധതിവഴി കേരളത്തിൽ ക്ഷീരവികസന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് കളമൊരുക്കിയ എൻ. ഡി. ഡി. ബി.-യുടെ നയത്തിനനുസൃതമായാണ് പ്രസ്തുത ഓഹരി വിഹിതങ്ങൾ തീരുമാനമായത്.

(ഇ&എഫ്) മിൽമയിലെ ജീവനക്കാരുടെ ദീർഘകാല സേവന കരാർ പുതുക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചു വരികയാണ്. സ്വയംഭരണ സഹകരണ സ്ഥാപനമായ മിൽമയാണ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടത്.

ഡയറി സയൻസ് ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്

107 (1903) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഡയറി സയൻസ് ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയാണ് ;

(ബി) ഇടുക്കി ജില്ലയിൽ കോലാഹലമേട്ടിലേക്ക് കോളേജ് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള നടപടികൾ എവിടെവരെയായി എന്ന് വിശദമാക്കാമോ ;

(സി) കെ. എൽ. ഡി. ബോർഡിന്റെ കൈയിൽ നിന്ന് ഇവിടെ എത്ര സ്ഥലം വിലയ്ക്കു വാങ്ങി ; ഇതിനായി നൽകിയ സംഖ്യ എത്ര ;

(ഡി) പ്രസ്തുത സ്ഥലത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ;

(ഇ) കെ. എൽ. ഡി. ബോർഡിൽ നിന്ന് വില കൊടുത്തു വാങ്ങിയ ഈ സ്ഥലത്ത് കോളേജിനു പകരമായി മറ്റെന്തെങ്കിലും വികസനപ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ;

(എഫ്) സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥലങ്ങൾ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി കൈമാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മണ്ണുത്തിയിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലേക്ക് ഡയറി സയൻസ് കോളേജ് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. അതിനുവേണ്ടി കെ. എൽ.

LIBRARY ARCHIVES Kerala Legislative Assembly